ACHARYA

An influential mentor

# WEEKLY EDITORIAL ANALYSIS – THE HINDU

18/04/22 - 23/04/22

www.acharyainfo.com

## ‘Time for change’– 18-04-22

ഈ വർഷം കാലവർഷം സാധാരണഗതിയിലായിരിക്കുമെന്നാണ് ഇന്ത്യൻ മീറ്റർയോളോജിക്കൽ (ഐ.എം.ഡി.) ഡിപ്പാർട്മെന്റ് പ്രവചിക്കുന്നത്. അതായത് ലോങ്ങ് പീരിയഡ് ആവറേജ് 87 സെന്റീമീറ്റർ ആയിരിക്കുമെന്നും ഐ.എം.ഡി. പ്രവചിക്കുന്നു. ഐ.എം.ഡി. കാലവർഷം പ്രവചിക്കുന്നത് പല ഘട്ടങ്ങളിലായിട്ടാണ്. മൺസൂൺ കാലത്തെ ഓരോ മാസവും എത്രത്തോളം മഴ ലഭിക്കും എന്നതിന്റെ വിശദമായ വിവരം ഏപ്രിൽ മാസത്തെ പ്രവചനത്തിൽ ഉണ്ടാകില്ല. ഇത്തവണത്തെ കാലവർഷത്തെ കുറിച്ചുള്ള ഒരു പൊതുവായ സൂചന മാത്രമാണ് ഏപ്രിൽ മാസത്തെ പ്രവചനത്തിലൂടെ ലഭ്യമാകുന്നത്.

എൽ-നിനോ പ്രതിഭാസം ഇല്ലാത്തതും 'ഇന്ത്യൻ ഓഷ്യൻ ഡൈപോൾ' പോസിറ്റീവ് ആയതുമാണ് മഴ സാധാരണഗതിയിൽ ഉണ്ടാകുമെന്ന് ഐ.എം.ഡി. പ്രവചിക്കാനുള്ള പ്രധാന കാരണം.

### എന്താണ് 'ലോങ്ങ് പീരീഡ് ആവറേജ്'?

തൊട്ടു മുൻപുള്ള അൻപത് വർഷത്തെ ശരാശരി മഴയുടെ അളവാണ് 'ലോങ്ങ് പീരീഡ് ആവറേജി'ലൂടെ കാണിക്കുന്നത്. ഇത് ഓരോ പത്ത് വര്ഷം കഴിയുമ്പോഴും പുതുക്കി കണക്കാക്കും. 1951 മുതൽ 2000 വരെയുള്ള കാലയളവിലെ 'ലോങ്ങ് പീരീഡ് ആവറേജ്' 89 സെന്റിമീറ്റർ ആയിരുന്നു. പല കാരണങ്ങൾകൊണ്ടും 2018 വരെ ലോങ്ങ് പീരീഡ് ആവറേജ് ആയി ഐ.എം.ഡി കണക്കാക്കിയിരുന്നത് 89 സെന്റിമീറ്റർ ആയിരുന്നു. 2018 ൽ 1961 മുതൽ 2010 വരെയുള്ള കാലയളവിലെ കാലവർഷം കണക്കാക്കിയപ്പോൾ ലോങ്ങ് പീരീഡ് ആവറേജ് 88 സെന്റിമീറ്റർ ആയി. ഇപ്പോൾ 1971 മുതൽ 2020 വരെയുള്ള കാലയളവിലെ കാലവർഷം കണക്കാക്കികൊണ്ട് ലോങ്ങ് പീരീഡ് ആവറേജ് ആയി 87 സെന്റിമീറ്റർ ആണ് പരിഗണിക്കുന്നത്.

ലോങ്ങ് പീരീഡ് ആവറേജ് കണക്കുകൾ പരിശോദിക്കുമ്പോൾ രാജ്യത്തെ മഴ ഓരോ പത്ത് വര്ഷം കഴിയുമ്പോഴും ഒരു സെന്റിമീറ്റർ മാത്രമാണ് കുറയുന്നത്.

## 'Bumps ahead' 21-04-22

അന്താരാഷ്ട്ര നാണ്യനിധിയുടെ പുതിയ വേൾഡ് ഇക്കണോമിക് ഔട്‌ലൂക് റിപ്പോർട്ട് പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിലെ ആഗോള ഉദ്പാദന വളർച്ച 3.6 ശതമാനം ആയിരിക്കും. ജനുവരി മാസത്തിലെ പ്രവചനപ്രകാരം ഇത് 4.4 ശതമാനം ആയിരുന്നു. മഹാമാരിക്ക് ശേഷമുള്ള ആഗോള സമ്പത്ത്

വ്യവസ്ഥയുടെ ഉയർത്തെഴുന്നേൽപ്പിനെ റഷ്യ-യുക്രൈൻ യുദ്ധം സാരമായി ബാധിക്കുകയുണ്ടായെന്ന് അന്താരാഷ്ട്ര നാണ്യനിധിയുടെ റിപ്പോർട്ട് പറയുന്നു.

ചൈനയിൽ പുതുതായി കൂടുതൽ കോവിഡ് -19 റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ അടച്ചിടൽ ആരംഭിച്ചത് ഉത്പാദനത്തെയും വ്യാപാരത്തെയും വിതരണശ്രിംഖലയെയും ബാധിച്ചു. അതുകൊണ്ടുതന്നെ ചൈനയുടെ വളർച്ചാനിരക്ക് 4.8 % എന്ന പഴയ പ്രവചനത്തിൽനിന്നും 4.4 % ആയി അന്താരാഷ്ട്ര നാണ്യനിധി കുറച്ചു.

നടപ്പ് സാമ്പത്തികവർഷത്തിലെ ഇന്ത്യയുടെ വളർച്ചാനിരക്ക് 8.2 ശതമാനമായിരിക്കും എന്നാണ് ഐ.എം.എഫ് പറയുന്നത്. മുൻപ്രവചനം 9 % ആയിരുന്നു. ഇന്ത്യയുടെ വളർച്ചാനിരക്ക് മുൻ പ്രവചനത്തേക്കാൾ ഇപ്പോൾ കുറക്കാനുള്ള കാരണമായി ഐ.എം.എഫ് ചൂണ്ടിക്കാണിക്കുന്നത് നെറ്റ് എക്സ്പോർട്ടിലെ കുറവും ഉയർന്ന എണ്ണ വിലയും അതിനെത്തുടർന്നുണ്ടായ വിലക്കയറ്റവുമാണ്.

ഇനി വരുന്ന ദിവസങ്ങളിൽ പലിശനിരക്ക് പരിധിക്കപ്പുറം ഉയരാതെ നോക്കുന്നതിനും ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും രൂപയുടെ മൂല്യത്തിലെ ചാഞ്ചാട്ടം പിടിച്ചു നിർത്തുന്നതിനും രാജ്യത്തെ നയരൂപകർത്താക്കൾ ശ്രദ്ധ കൊടുക്കേണ്ടതാണ്.

ACHARYA An influential mentor

## ‘Different narratives’ 23-04-22

മാലിദ്വീപിൽ 'ഇന്ത്യ ഔട്ട്' എന്ന പേരിൽ നടക്കുന്ന ഇന്ത്യ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് നിരോധനം ഏർപ്പെടുത്തേണ്ടിവന്നത് ഈ പ്രക്ഷോഭം എത്രത്തോളം അവിടെ രാഷ്ട്രീയധ്രുവീകരണം ഉണ്ടാക്കുന്നു എന്നത് ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയുമായി ഗാഢമായ ബന്ധമുള്ള രാജ്യമാണ് മാലിദ്വീപ്.

മുൻ പ്രസിഡന്റ് ആയിരുന്ന അബ്ദുല്ല യമീന്റെ നേതൃത്വത്തിലാണ് പ്രക്ഷോഭം നടക്കുന്നത്. നിലവിലെ പ്രസിഡന്റ് ആയ ഇബ്രാഹിം മുഹമ്മദ് സോലി ഇന്ത്യ-അനുകൂല വ്യക്തിയാണ്. അതുകൊണ്ടുതന്നെ അദ്ധേഹത്തിന്റെ കീഴിലുള്ള ഭരണത്തെ 'ന്യൂ ഡൽഹിയുടെ പാവ' എന്നാണ് പ്രക്ഷോഭകർ വിളിക്കുന്നത്.

അബ്ദുള്ള യാമീന്റെ ഭരണകാലത്ത് മാലിദ്വീപ് ചൈനയോട് കൂടുതൽ അടുക്കുന്ന പ്രവണതയാണ് കാണിച്ചിരുന്നത്. അതുകൊണ്ടുതന്നെ

അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇന്ത്യയുമായുള്ള മാലിദ്വീപിന്റെ ബന്ധം വഷളാവുകയും ചെയ്തിരുന്നു. എന്നാൽ സോലി'യുടെ നേതൃത്വത്തിലുള്ള നിലവിലെ സർക്കാർ 'ഇന്ത്യ ആദ്യം' എന്ന നയമാണ് പിന്തുടരുന്നത്. ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടാൻ കാരണമായി.

മാലിദ്വീപിലെ രാഷ്ട്രീയപരവും സാമ്പത്തികപരവുമായ സുരക്ഷക്ക് നിലവിൽ വലിയ സംഭാവന ചെയ്യുന്ന രാജ്യമാണ് ഇന്ത്യ.
ചരിത്രപരമായുള്ളതാണ് ഇന്ത്യയും മാലിദ്വീപും തമ്മിലുള്ള ബന്ധം. എന്നാൽ ഇന്ത്യൻ മഹാസമുദ്രത്തിൽ ചൈനയുടെ സ്വാധീനവും കടന്നുകയറ്റവും വർദ്ധിച്ചതോടെ മാലിദ്വീപിന്റെ തന്ത്രപ്രധാന്യം വർധിച്ചു. അതോടെ ഇന്ത്യയും ചൈനയും മാലിദ്വീപിൽ സ്വാധീനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ശക്തമാക്കുകയും ചെയ്തു.

നിലവിലെ സർക്കാരിന്റെ കാലാവധി പൂർത്തിയാകാറായി. യമീന്റെ നേതൃത്വത്തിൽ ഇന്ത്യ-വിരുദ്ധത ദേശീയതയായി ഉയർത്തിക്കാണിച്ച് തെരെഞ്ഞെടുപ്പ് പ്രചാരണം നടത്തുമ്പോൾ, ഇന്ത്യയുമായുള്ള ബന്ധം രാജ്യത്തിൻറെ സുരക്ഷക്കും ഭക്ഷ്യസുരക്ഷക്കും ആവശ്യമാണെന്ന ന്യായം ഉന്നയിച്ചാണ് സോലി തെരഞ്ഞെടുപ്പിനെ നേരിടുന്നത്. എന്നാൽ ഭരണവിരുദ്ധവികാരം ശക്തമായുള്ളതിനാൽ തന്നെ തെരെഞ്ഞെടുപ്പിൽ സോലി'യുടെ നേതൃത്വത്തിലുള്ള സർക്കാർ വീണ്ടും അധികാരത്തിൽ കയറാനുള്ള സാധ്യത കുറവാണ്.

ACHARYA
An influential mentor

ഈ സാഹചര്യത്തിൽ മാലിദ്വീപിലെ എല്ലാ രാഷ്ട്രീയ വിഭാഗവുമായും നല്ല ബന്ധം സ്ഥാപിക്കാൻ ഇന്ത്യ ശ്രമിക്കേണ്ടതാണ്.